Indian Social Club Muscat

# മലയാള വിഭാഗം

Ref: 001/2011 ഏപ്രിൽ 10, 2011

## പുതിയ ഭരണസമിതി അധികാരമേറ്റു.

മാന്യ സുഹൃത്തേ,

മാർച്ച് 18നു വെള്ളിയാഴ്ച വൈകിട്ട് 4 മണിക്ക് ഐ എസ് സി ചെയർമാൻ ഡോ.സതീഷ് നമ്പ്യാർ വരണാധികാരിയായി നടത്തിയ തെരഞ്ഞെടുപ്പിൽ 250ൽപരം അംഗങ്ങൾ തങ്ങളുടെ സമ്മതിദാനം രേഖപ്പെടുത്തുകയുണ്ടായി. 12.30ന് ഫലപ്രഖ്യാപനം നടന്നു. വിജയികളായവർ അടുത്ത ദിവസം ഐ എസ് സി ഹാളിൽ വച്ച് ചെയർമാൻ ഡോ. സതീഷ് നമ്പ്യാർ ചൊല്ലിക്കൊടുത്ത സത്യപ്രതിജ്ഞ ഏറ്റുചൊല്ലി അധികാരമേൽക്കുകയും ശ്രീ ടി. ഭാസ്കരനെ അടുത്ത കൺവീനറായി ഏകകണ്ഠമായി തെരഞ്ഞെടുക്കുകയും ചെയ്തു.

## ഓണം മത്സരങ്ങൾ 2011

ഓണാഘോഷത്തോടനുബന്ധിച്ചു നടക്കുന്ന മത്സരങ്ങൾക്ക് മെയ് 18നു തുടക്കം കുറിക്കുന്നു. എല്ലാ സാഹിത്യമത്സരങ്ങളും, ചിത്രരചന,പെയിൻറിംഗ്, കാർട്ടൂൺ മത്സരങ്ങളും മെയ് 18,19,20 തീയ്യതികളിലും ബാക്കി മത്സരങ്ങൾ ആഗസ്റ്റ് 10 മുതലും നടക്കുന്നതായിരിക്കും.

**അപേക്ഷാഫോമുകൾ സ്വീകരിക്കുന്ന അവസാന തീയ്യതികൾ:**

സാഹിത്യമത്സരങ്ങൾ, ചിത്രരചന,പെയിൻറിംഗ്, കാർട്ടൂൺ മത്സരങ്ങൾ : 13.05.2011 രാത്രി 9.00 വരെ

മറ്റു കലാമത്സരങ്ങൾ : 31.05.2011 രാത്രി 9.00 വരെ

അപേക്ഷാഫോമുകൾ ഇതോടൊപ്പം അയക്കുന്നു

## വിഷു ഈസ്റ്റർ മെയ് 12ന്

ഈ വർഷത്തെ വിഷു-ഈസ്റ്റർ ആഘോഷങ്ങൾ മെയ് മാസം 12-ം തീയതി **വൈകിട്ട് 8.15ന്** ഐ എസ് സി എം ഹാളിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. **ഇന്ത്യൻ സ്ഥാനപതി ശ്രീ. അനിൽ വാധ്വാ** മുഖ്യാതിഥിയായിരിക്കും. എല്ലാ അംഗങ്ങളുടേയും സജീവ സാന്നിദ്ധ്യ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു. കലാപരിപാടികൾ അവതരിപ്പിക്കുവാൻ താൽപര്യമുള്ള അംഗങ്ങൾ മുന്നോട്ടു വരണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് സാംസ്കാരിക വിഭാഗം സെക്രട്ടറി ശ്രീ ശശികുമാറുമായി (99898401) ബന്ധപ്പെടണമെന്ന് അഭ്യർത്ഥിക്കുന്നു

## പൊതുയോഗ അറിയിപ്പ്

പുതിയ ഭരണസമിതിയുടെ നേതൃത്വത്തിലുള്ള ആദ്യ പൊതുയോഗം **2011 മെയ് 13നു വെള്ളിയാഴ്ച രാവിലെ 10.30ന്** ഐ എസ് സി ഹാളിൽ ചേരുന്നതാണ്. എല്ലാ അംഗങ്ങളും കൃത്യസമയത്ത് സന്നിഹിതരാകണമെന്ന് അഭ്യർത്ഥിക്കുന്നു.

**വിഷയങ്ങൾ** : 2011ൽ നടത്തുവാനുദ്ദേശിക്കുന്ന പരിപാടികളും ബഡ്ജറ്റ് അവതരണവും, ഉപസമിതി വിപുലീകരണം, Internal Auditor നിയമനം, കൺവീനർ അനുവദിക്കുന്ന ഇതര വിഷയങ്ങൾ.

**പരിപാടികളുടെ നടത്തിപ്പിൽ സമയനിഷ്ഠ പാലിക്കുവാൻ കമ്മിറ്റി പ്രതിജ്ഞാബദ്ധമായിരിക്കും. എല്ലാ അംഗങ്ങളും സമയകൃത്യത പാലിച്ച് സഹകരിക്കുവാൻ താത്പര്യപ്പെടുന്നു.**

**സസ്നേഹം**

**ടി ഭാസ്കരൻ**
**കൺവീനർ**